DESPATCHED
On 29/06/2020
13.3.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1637** *(2)/2019/എസ്.ഐ.സി*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **11952**/*എസ്.ഐ.സി-ജി 6/19*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.നീരജ് റോയ്,
റോഷൻ, റ്റി.സി.12/21ഷ പ്ലാമൂട്,
പി.എം.ജി.റോഡ്, പട്ടം,
പിൻ – 695 004. — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
പോലീസ് ഇൻസ്പെക്ടർ,
കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ,
തിരുവനന്തപുരം സിറ്റി.

2. അപ്പീൽ അധികാരി&
പോലീസ് അസിസ്റ്റന്റ് കമ്മീഷണർ,
പോലീസ് അസി.കമ്മീഷണറുടെ കാര്യാലയം,
കന്റോൺമെന്റ് , തിരുവനന്തപുരം സിറ്റി. — എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.01.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04.02.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 02.03.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15.04.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 10.07.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 15.07.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.11.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ നീരജ് റോയ്, 10.07.2019ന്

സമർപ്പിച്ച അപ്പീൽ ഹർജി 15.07.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1637(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് പൂർണ്ണമായ മറുപടി ലഭിക്കാത്തതിനെ തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന്മേലും തൃപ്തികരമായ മറുപടി ലഭ്യമായില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 04.01.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 04.02.2019ന് നൽകിയ മറുപടിയിൽ ഹർജിക്കാരൻ കന്റോൺമെന്റ് പോലീസ് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ച No.16/DPTN/2017-CI Cantt പ്രകാരമുള്ള പരാതിയുമായി ബന്ധപ്പെട്ട രേഖകൾ ടി ഓഫീസുമായി ബന്ധപ്പെട്ട് മുൻകൂട്ടി നിശ്ചയിച്ചിരുന്ന സമയത്തും തീയതിയിലും പരിശോധിക്കാമെന്നും മേൽ നമ്പർ പരാതിയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 15.04.2019ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപ്പീൽ 06.03.2019ന് ടി ഓഫീസിൽ ലഭിച്ചിട്ടുള്ളതും ആയതിന് ശരിയായ മറുപടി നൽകുന്നതിനായി 07.03.2019ന് കന്റോൺമെന്റ് സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുള്ളതും 15.04.2019ന് മറുപടി ലഭിച്ചിട്ടുണ്ടെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട 1 മുതൽ 4വരെയുള്ള ചോദ്യങ്ങൾക്കുള്ള മറുപടി കൂടെ ചേർത്ത് അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് പൂർണ്ണമായ മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ഹർജിക്കാരന്റെ 04.01.2019ലെ അപേക്ഷയ്ക്ക് 04.02.2019ൽ മറുപടി തയ്യാറാക്കിയെങ്കിലും 13.02.2019 ലാണ് ഡെസ്പാച്ച് ചെയ്തതായി കാണുന്നതെന്നും 30 ദിവസം കഴിഞ്ഞാണ് മറുപടി ലഭ്യമായതെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകി. എന്നാൽ സി.ഐ. ഓഫീസ് abolish ചെയ്തതുകൊണ്ടാണ് കാലതാമസം വന്നതെന്നും ടിയാന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകാത്ത പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷൻ

വിലയിരുത്തുന്നു. ആകയാൽ ടി വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2019 മാർച്ച് 13–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

Ge/

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM